പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2093 — 08.12.2014 ൽ മറുപടിക്ക്

## നിർഭയയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകളെയും കുട്ടികളെയും പാർപ്പിക്കുന്ന സ്ഥാപനമായ നിർഭയയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; | (എ) ഇല്ല. പ്രസ്തുത സ്ഥാപനം സാമൂഹ്യ സുരക്ഷാ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. |
| (ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം നിർഭയയിൽ നിന്നും നാളിതുവരെ കാണാതായവർ എത്ര; പോലീസ് എത്ര പേരെ കണ്ടെത്തി; ഇനി എത്ര പേരെ കണ്ടെത്തുവാനുണ്ട്; എന്തുകൊണ്ടാണ് ഇവരെ കാണാതാകുന്നത്; ഇത്തരം കാണാതാകൽ ഇല്ലാതാക്കാൻ ആഭ്യന്തരവകുപ്പ് ശക്തമായ എന്തു നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം നിർഭയയിൽ നിന്നും നാളിതുവരെ 5 പെൺകുട്ടികളെ കാണാതായിട്ടുണ്ട്. ഇവരിൽ 4 പേരെ പോലീസ് കണ്ടെത്തി, ഒരാളെ ഇനിയും കണ്ടെത്തുവാനുണ്ട്.<br>കാണാതാകുന്നത് സംബന്ധിച്ച് വിവരം ലഭിച്ചാൽ ഉടൻതന്നെ ഇവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്. |
| (സി) നിർഭയയുടെ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം; ഇവരിൽ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തി നടപടിക്ക് വിധേയരായവർ ആരെല്ലാം; ഇല്ല എങ്കിൽ പോലീസിന്റെ മേൽനോട്ടം നിർഭയ കേന്ദ്രങ്ങളിൽ നടത്താൻ ആഭ്യന്തരവകുപ്പ് എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും നിർഭയയുടെ പ്രവർത്തനത്തിന് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല. കുറ്റമറ്റ രീതിയിൽ ആഭ്യന്തര വകുപ്പ് നിരീക്ഷിക്കുന്നുണ്ട്. |
| (ഡി) നിർഭയയിൽ വെളിയിലുള്ളവരുടെ ഇടപെടലുകൾ നിലവിലുണ്ടോ; എങ്കിൽ ഇത് കുറ്റമറ്റരീതിയിൽ പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും ആഭ്യന്തരവകുപ്പ് പോലീസിന് നിർദ്ദേശം നൽകുമോ; വിശദാംശം വ്യക്തമാക്കുമോ; | |

| | | | |
|---|---|---|---|
| (ഇ) | നിർഭയയിൽ 24 മണിക്കൂറും വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കാനും നിർഭയയിലെ അന്തേവാസികളുടെ തിരോധാനം ഒഴിവാക്കാനും എന്തു നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (ഇ) | പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നുണ്ട്. |
| (എഫ്) | നിർഭയയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ഏതെല്ലാം ജനപ്രതിനിധികൾ പരാതികൾ ആഭ്യന്തര വകുപ്പിന് നൽകി; എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ; | (എഫ്) | ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ